**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2438** **12-10-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ ഗ്രന്റോട്ടുകൂടി പ്രവർത്തിക്കുന്ന കമ്മീഷൻ ആണോയെന്ന് വ്യക്തമാക്കാമോ; മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനത്തിനായി വർഷംതോറും എത്ര തുകയാണ് ഗ്രന്റായി നൽകുന്നത് അറിയിക്കുമോ; | (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. അതത് വർഷം ഗ്രാന്റ്-ഇൻ-എയ്ഡ് തുക ബഡ്ജറ്റിൽ വകയിരുത്തിയാണ് കമ്മീഷന് അനുവദിക്കുന്നത്. 2021-2022 സാമ്പത്തിക വർഷത്തെ വിനിയോഗത്തിനായി 6,46,38,000/- (ആറ് കോടി നാൽപ്പത്തിയാറു ലക്ഷത്തി മുപ്പത്തിയെട്ടായിരം) രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | മനുഷ്യാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാറുണ്ടോ; എത്ര വർഷത്തെ റിപ്പോർട്ടാണ് സമർപ്പിക്കാനുള്ളത്; അവസാനമായി റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. 5 വർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുവാനുണ്ട്. 2015-16-ലെ റിപ്പോർട്ട് 03.09.2021 -ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ